കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം - 695 001
ഫോൺ 0471 - 2331159, 2330558
Email : cei@ceikerala.gov.in

An IS 15700 : 2005 Certified Department

നമ്പർ. ബി2-27003/2019/സി.ഇ.ഐ

തീയതി: 20/02/2020

## സർക്കുലർ

വിഷയം: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സൗര പദ്ധതികൾക്ക് അംഗീകാരവും, അനുമതിയും നൽകേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:
1. സ.ഉ.(പി).നം.1/2017/പി.ഡി. തീയതി, 28.01.2017.
2. സർക്കുലർ നം.ബി2-13958/2017/സി.ഇ.ഐ. തീയതി, 24.07.2018.
3. 05.02.2020-ലെ സൗര പ്രോജക്ട് മീറ്റിംഗിലെ തീരുമാനങ്ങൾ.

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുന്ന സൗര പദ്ധതി പ്രകാരം 35 മെഗാവാട്ട് റൂഫ് ടോപ്പ് സോളാർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആരംഭിച്ചു കഴിഞ്ഞു. ഈ പദ്ധതി സമയബന്ധിതമായി തീർക്കേണ്ടത് അനിവാര്യമായതിനാലും മൊബൈൽ ആപ്പ് മുഖേന സർക്കാർ തലത്തിൽ ഈ പദ്ധതിയുടെ മോണിറ്ററിംഗ് ഉള്ളതിനാലും സോളാർ പ്രതിഷ്ഠാപനങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാകുന്നു.

1. 10 kWp-യ്ക്കു മുകളിൽ 30 kWp വരെയുള്ള പ്രതിഷ്ഠാപനങ്ങൾക്ക് പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസുകളിൽ നിന്ന് പരിശോധന നടത്തി അനുമതി നൽകേണ്ടതാണ്. ഈ വിഭാഗത്തിൽ വരുന്ന പ്രതിഷ്ഠാപനങ്ങൾക്ക് പദ്ധതി അംഗീകാരം ആവശ്യപ്പെടേണ്ടതില്ല.
2. 30 kWp-യ്ക്കു മുകളിൽ 200 kWp വരെയുള്ള പ്രതിഷ്ഠാപനങ്ങൾക്ക് ജില്ലാ ഓഫീസുകളിൽ സ്കീം സമർപ്പിക്കേണ്ടതും അംഗീകാരം നൽകിയതിനു ശേഷം പൂർത്തീകരണ റിപ്പോർട്ട് ലഭിക്കുമ്പോൾ പരിശോധന നടത്തി അനുമതി നൽകേണ്ടതുമാണ്.
3. 200 kWp -യ്ക്ക് മുകളിലുള്ള പ്രതിഷ്ഠാപനങ്ങളുടെ സ്കീമുകൾ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ സമർപ്പിച്ച് അംഗീകാരവും, അനുമതിയും വാങ്ങേണ്ടതാണ്.
4. സ്റ്റാൻഡേർഡ് ഡ്രോയിംഗുകൾ വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് മാതൃകയായി ഉപയോഗിക്കാവുന്നതാണ്.
5. സൗര പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾക്ക് മുൻഗണന നൽകേണ്ടതും നടപടികൾ വേഗത്തിൽ പൂർത്തിയാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ/ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.